"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച് വരുന്ന പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ട്/ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. എം. ഷാജഹാന്റെ തെരഞ്ഞെടുപ്പ് കമ്മീഷനിലെ അന്യത്ര സേവനകാലാവധി 07.11.2021 മുതൽ 06.11.2022 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയും സർക്കാർ അനുവാദമില്ലാതെ 07.11.2021 മുതൽ നാളിതുവരെ അന്യത്ര സേവന വ്യവസ്ഥയിൽ തുടർന്നത് ക്രമീകരിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.)വകുപ്പ്**

സ.ഉ.(സാധാ) നം.268/2022/LSGD    തീയതി,തിരുവനന്തപുരം, 07-02-2022

---

പരാമർശം:-

1. സ. ഉ. (അ) നം. 580/2013/ധന തീയതി 28/11/2013
2. 16.04.2013 ലെ 106319/RA3/12/FIN നമ്പർ കത്ത്.
3. സ.ഉ(ആർ.റ്റി) 2430/2019/ത.സ്വ.ഭ.വ തീയതി 2-11-2019
4. സ.ഉ. (ആർ.റ്റി)നം. 891/2021/ത.സ്വ.ഭ.വ. തീയതി 20/04/2021.
5. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 03.08.2021 ലെ SEC/654/2019-A1 നമ്പർ കത്ത്.

### ഉത്തരവ്

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിലവിലുള്ള അസിസ്റ്റന്റ് തസ്തികകളിൽ ഒന്ന് സീനിയർ സൂപ്രണ്ടിന്റെ തസ്തികയായി ഉയർത്തി നൽകണമെന്നും പരാമർശം (3) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. എം. ഷാജഹാന്റെ തെരഞ്ഞെടുപ്പ് കമ്മീഷനിലെ അന്യത്ര സേവനകാലാവധി പരാമർശം (4) പ്രകാരം ദീർഘിപ്പിച്ച നല്കിയിരുന്നത് 06/11/2021 ന് അവസാനിക്കുന്നതിനാൽ 07/11/2021 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പരാമർശം (5) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. എം. ഷാജഹാന്റെ അന്യത്ര സേവന കാലാവധി പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി 07.11.2021 മുതൽ 06.11.2022 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിക്കൊണ്ടും സർക്കാർ അനുവാദമില്ലാതെ 07.11.2021 മുതൽ നാളിതുവരെ അന്യത്ര സേവന വ്യവസ്ഥയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റായി തുടർന്നത് കെ.എസ്.ആർ. ഭാഗം 1 ചട്ടം 140(സി) യിൽ ഇളവ് അനുവദിച്ച് ക്രമീകരിച്ചുകൊണ്ടും പരാമർശം (2) കത്തിലെ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഡെപ്യൂട്ടേഷൻ തസ്തിക അപ്ഗ്രേഡ് ചെയ്യാതെ തന്നെ ശ്രീ. ഷാജഹാന് പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിലെ ശമ്പളവും അലവൻസുകളും അനുവദിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സ.ഉ.(സാധാ) നം.268/2022/LSGD

ധനകാര്യ വകുപ്പ്. (Ref : Dev-1/102/2020-Fin [1537057] )
ശ്രീ. എം. ഷാജഹാൻ, അസിസ്റ്റന്റ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
(സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുഖേന)
അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് (എ&ഇ),തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ